# പതിനാലാം കേരള നിയമസഭ

## എഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1158 10.08.2017-ൽ മറുപടിക്ക്

**<u>സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക</u>**

| | **<u>ചോദ്യം</u>**<br><br>**ശ്രീ.സി.മമ്മൂട്ടി** | | **<u>ഉത്തരം</u>**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;ഏത് വർഷം മുതലാണ് ഹയർ സെക്കൻഡറി സ്കൂളുകളിലും അധിക ബാച്ചുകളിലുമായിട്ട് പുതിയ തസ്തികകൾ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 2014-2015 അധ്യയന വർഷം പുതുതായി ആരംഭിച്ച ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ,- ബാച്ചുകളിൽ അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24.06.2017-ലെ സ.ഉ(കൈ) നം.61/17/പൊവി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിൽ ഹയർ സെക്കൻഡറി സീനിയർ ടീച്ചർ, ജൂനിയർ ടീച്ചർ എന്നിവയിൽ എത്ര തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | 232 ഹയർ സെക്കന്ററി ജൂനിയർ തസ്തികകളും 269 സീനിയർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 94 ജൂനിയർ തസ്തികകളും 33 സീനിയർ തസ്തികകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ തസ്തികകളിൽ പ്രമോഷനെ തുടർന്ന് ഉണ്ടാകുന്ന എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;എങ്കിൽ ആകെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | മേൽപ്പറഞ്ഞ തസ്തികകളിൽ പ്രമോഷൻ നടത്തിയിട്ടില്ല. ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നടത്തുമ്പോൾ ഉണ്ടാകുന്ന എച്ച്.എസ്.എസ്.റ്റി ഒഴിവുകൾ സ്പെഷ്യൽ റൂൾസ് അനുസരിച്ച് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ഡി) | നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**